# ഗുണമേന്മയുള്ള ഗവേഷണത്തിന് മികവുറ്റ പ്രബന്ധങ്ങൾ വേണം - കുസാറ്റ് പി.വി.സി.

മാതൃഭൂമി • 2012 ജനവരി 4

**കൊച്ചി**: മികവുറ്റ ഗവേഷണ പ്രബന്ധങ്ങൾ കൊണ്ടുമാത്രമേ ഗുണമേന്മയേറിയ ഗവേഷണങ്ങൾ ഉറപ്പാക്കാൻ കഴിയുകയുള്ളൂവെന്ന് കുസാറ്റ് പ്രോ വൈസ് ചാൻസലർ ഡോ. ഗോഡ്ഫ്രെ ലൂയിസ് പറഞ്ഞു. സാധാരണ ലേഖനങ്ങളും വാർത്തകളും തയ്യാറാക്കുന്ന രീതിയല്ല പ്രബന്ധരചനയ്ക്ക് വേണ്ടത്. അതിന് നിഷ്കർഷിച്ചിട്ടുള്ള ഏകകങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്. ഗവേഷണ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ പ്രചാരണം ലഭിക്കുന്നതിന് വിവരസാങ്കേതിക വിദ്യ പരമാവധി ഉപയോഗിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

'ഗുണമേന്മയുള്ള ഗവേഷണത്തിനു വേണ്ടി മികവുറ്റ ഗവേഷണ പ്രബന്ധങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ യൂണിവേഴ്സിറ്റി ലൈബ്രറി സംഘടിപ്പിച്ച ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗവേഷണ പ്രബന്ധങ്ങളിൽ മറ്റു ഗവേഷകരുടെ പ്രവർത്തനഫലം അനുവാദമോ കടപ്പാടോ കൂടാതെ ഉപയോഗിക്കുന്ന ദുഷ്പ്രവണത വർദ്ധിച്ചുവരുന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച സർവകലാശാല രജിസ്ട്രാർ ഡോ. എ. രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. ഇത് മേന്മയേറിയ ഗവേഷണ സമ്പ്രദായത്തെ തുരങ്കംവയ്ക്കാനിടയാക്കും. 'സ്വതന്ത്ര സോഫ്ട്വെയറും ലൈബ്രറികളും' എന്ന പുസ്തകവും പ്രകാശനം ചെയ്തു. ടെക്നോളജി ഫാക്കൽറ്റി ഡീൻ ഡോ. കെ. വാസുദേവൻ, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ സി.പി. ബേബി വത്സല എന്നിവർ ചടങ്ങിൽ സംസാരിച്ചു. മക്കാവു സർവകലാശാലയിൽ നിന്നുള്ള ഡോ. പി. പിറ്റ് പിച്ചപ്പൻ, എമിററ്റസ് പ്രൊഫ. ഡോ. വി.പി.എൻ. നമ്പൂതിരി എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.